# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ് ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും

**സർക്കുലർ നമ്പർ: 188**

കർത്താവിൽ വാത്സല്യമുള്ള സൺഡേസ്കൂൾ കുഞ്ഞുങ്ങളെ, അധ്യാപകരെ, സമാജം പ്രവർത്തകരെ നിങ്ങൾക്ക് വന്ദനം.

സഭയുടെ ക്രിസ്തീയ വിദ്യാഭ്യാസ വിഭാഗമായ മാർത്തോമ്മാ സൺഡേസ്കൂൾ സമാജം, അതിന്റെ പ്രവർത്തനസരണിയിൽ 118 വർഷം പിന്നിടുവാൻ ദൈവം കൃപ ചെയ്തു. സഭയുടെ നാഥനായ യേശുക്രിസ്തുവിനെ കർത്താവും, ദൈവവും, രക്ഷകനുമായി സ്വീകരിക്കുന്നതിന് വളർന്നു വരുന്ന തലമുറയെ ഒരുക്കുന്ന ശുശ്രൂഷയാണ് സമാജത്തിലൂടെ നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. കുഞ്ഞുങ്ങൾ ചെറുപ്രായത്തിൽ തന്നെ ഭവനവും ദേശവും വിട്ട് മറ്റ് രാജ്യങ്ങളിലേക്ക് പഠനത്തിനായി ചേക്കേറുന്ന ഒരു കാലത്തിൽ അവരെ അടിസ്ഥാന വിശ്വാസത്തിൽ ഉറപ്പിച്ചു അയക്കുവാൻ സഭയ്ക്കും മാതാപിതാക്കൾക്കും കഴിയണം. സൺഡേസ്കൂൾ പഠനകാലം ജാഗ്രതയോടെ നിർവ്വഹിക്കപ്പെടുന്നതിലൂടെ മാത്രമേ ഇത് സാധ്യമാവുകയുള്ളു. കാലത്തിന്റെ ആവശ്യത്തെ വിവേചിച്ചറിഞ്ഞ് നാം ഉണർന്ന് പ്രവർത്തിക്കണം.

സമാജത്തിന്റെ അനുദിന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വൈദീകരേയും, പ്രവർത്തകരേയും, സൺഡേസ്കൂൾ അദ്ധ്യാപകരേയും, കുഞ്ഞുങ്ങളേയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുന്നതിന് **നവംബർ മാസം 5-ാം തീയതി ഞായറാഴ്ച** അഖിലലോക സൺഡേസ്കൂൾ ദിനമായി നാം ആചരിക്കുകയാണ്. അന്നേ ദിവസം ആരാധനയ്ക്ക് മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ച ആരാധനക്രമം ഉപയോഗിക്കണം. ആരാധനയിൽ അദ്ധ്യാപകരേയും, കുഞ്ഞുങ്ങളെയും പങ്കെടുപ്പിക്കണം. അന്നേദിവസം ലഭിക്കുന്ന സ്തോത്രകാഴ്ച സമാജം ഓഫീസിൽ താമസംവിനാ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം. സഭയോടും കർത്താവിനോടും ചേർന്ന് ഈ അനുഗ്രഹീത ശുശ്രൂഷയിൽ നമുക്ക് ഒന്നിച്ച് പങ്കെടുക്കാം.

ദൈവകൃപ നിങ്ങളിൽ വർദ്ധിച്ചു വരുമാറാകട്ടെ.

ക്രിസ്താബ്ദം 2023 ഒക്ടോബർ മാസം 20-ാം തീയതി തിരുവനന്തപുരം മാർത്തോമ്മാ അരമനയിൽ നിന്നും

**ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ**
സൺഡേസ്കൂൾ സമാജം പ്രസിഡന്റ്

# MARTHOMA SUNDAY SCHOOL SAMAJAM

LIGHTED TO LIGHTEN

From Mar Thoma Sunday School Samajam President, Dr. Joseph Mar Barnabas Suffragan Metropolitan

**Circular No. 188**

Dearly Beloved Sunday School Children, Teachers, Samajam workers,

Greetings to you all

By God's grace, The Mar Thoma Sunday School Samajam, the Christian Education Department of the Church, was able to complete 118 years in its field of activities. The service of preparing the new generation to accept Jesus Christ, the Lord of the Church, as Lord, God and Saviour, is what is being carried out by the Samajam.

In an age, when children at a young age leave their home and country and migrate to other countries for education, their parents and the Church should be able to send them, giving them a firm foundation in our faith. This becomes possible only if the Sunday School education is carried out with utmost care. We need to be aware of the need of the times and act accordingly.

We observe November 5, Sunday, as World Sunday School Day to specially remember in prayer, the Clergy and Workers, involved in the regular activities of the Samajam and Sunday School Teachers and Children. On that day, in the worship, the Worship Order approved by the Metropolitan should be used. Teachers and Students should be made to participate in the Worship. The office-bearers should ensure that the Offertory collected on that day, is submitted at the Samajam Office without delay. Let us all participate in this blessed service together with the Lord and the Church.

May the grace of God multiply in you.

Christian Era 2023, October 20, from Trivandrum Bishop's House

MAR THOMA SUNDAY SCHOOL SAMAJAM
LIGHTED TO LIGHTEN
TIRUVALLA, KERALA

**Dr. Joseph Mar Barnabas Suffragan Metropolitan**

**Sunday School Samajam President**